# കേരളത്തിലെ അധ്യാപകരുടെ അക്കാദമിക് കൂട്ടായ്മ




## "Flame Your Creativity Through Academic Experience"

*PREPARED By VIPIN.V.T GHS Kudavoorkonam &*

*ARUN.S CNPSGLPS Madavoor*


VVT
ARS
മലയാളം
ക്ലാസ് 4




# യൂണിറ്റ് 2

# ഹരിതം



# മഹാകവി കുട്ടമത്ത് കുന്നിയൂര് കുഞ്ഞികൃഷ്ണക്കുറുപ്പ്



കാസർകോട് ജില്ലയിലെ കുട്ടമത്ത് ഗ്രാമത്തിൽ **1880** ഒക്ടോബർ **12** ന് ജനിച്ചു. സംസ്കൃത സാഹിത്യത്തിനും വൈദ്യശാസ്ത്രത്തിലും അവഗാഹം നേടി. നീലേശ്വരം രാജാസ് ഹൈസ്കൂൾ അധ്യാപകനായിരുന്നു. 'കേരളചന്ദ്രിക' യുടെ പത്രാധിപരായി പ്രവർത്തിച്ചു.**1941**ൽ ചിറക്കൽ വലിയ രാജാവ് മഹാകവി സ്ഥാനം നൽകി. കാളിയമർദ്ദനം, അമൃതരശ്മി പത്ത് ഭാഗം, ദേവയാനി ചരിത്രം, ബാലഗോപാലൻ, നചികേതസ്സ് തുടങ്ങി മുപ്പതിൽപരം കൃതികൾ രചിച്ചു. **1941** ആഗസ്റ്റ് ഏഴിന് അന്തരിച്ചു.

# പച്ചക്കിളി

പച്ചക്കിളിയൊന്നു പാറി-യൊരു
കൊച്ചശോകത്തോപ്പിലേറി;
ചാഞ്ചാടിയപ്പഴാചില്ലി- ക്കൊമ്പു
താൻ ചാട്ടുമർമ്മരം ചൊല്ലി.
ചഞ്ചലൽതളിർ കൊണ്ടു വീശി-നറും-
ചെഞ്ചായമൊന്നങ്ങു പൂശി.
ശാരിക പൈതലിൻ മോടി കണ്ടു
മാരുതനും ചെന്നുകൂടി.മോ
ഊഞ്ഞാലിലിലാടി തുടങ്ങി-കിളി
ചാഞ്ഞു കുഴഞ്ഞു കുലുങ്ങി
തൻ പദമൂന്നിയക്കൊമ്പിൽ – പല
- ചെമ്പവിഴം ചാർത്തിയമ്പിൽ,
-

ചെമ്പവിഴം ചാർത്തിയമ്പിൽ
അങ്ങുമിങ്ങും താൻ ചെരിഞ്ഞും –ചിറ –
കങ്ങിനെ ഭംഗ്യാ വിരിഞ്ഞു വിരിഞ്ഞും
കുങ്കുമ കസ്തൂരിബിന്ദു–പോലെ
തൽകണ്ണുചിമ്മി വിടർന്നു
ചഞ്ചുവാംപൂമൊട്ടുലർത്തി–ചെറ്റു–
കൊഞ്ചിയോമൽഗളം താഴ്ത്തി
വിശ്വശിൽപികളുള്ള സൃഷ്ടി–ഗുണം
വിശ്രുമിങ്ങനേ കാട്ടി
അർക്കനതോപ്പിടനീക്കി – മെല്ലെ
യക്കിളിയേയെത്തിനോക്കി.

# പച്ചക്കിളി

അശോകത്തിലേക്ക് ഒരു പച്ചക്കിളി (തത്ത) പറന്നിരിക്കുന്നു. പക്ഷേ ഇരുന്നപ്പോൾ ഇളകിയ കൊമ്പ് ചെറു ശബ്ദത്തിൽ അതിനോട് കളിവാക്കുകൾ പറഞ്ഞു. അശോകമരം തളിരിലകൾ കൊണ്ട് വീശുകയും പക്ഷിയുടെ ദേഹത്ത് ചെഞ്ചായശോഭ പരത്തുകയും ചെയ്തു. ചുവന്ന തളിരിലകളുടെ ചലനം മൂലമാണ് പക്ഷിയുടെ ദേഹത്ത് ചുവന്ന ചായം പൂശുന്ന തായി കവിക്ക് തോന്നിയത്. തുടർന്ന് പക്ഷിയുടെ ഭംഗി കണ്ട് കാറ്റും ഒപ്പം ചേർന്നു.


പ്രിയപ്പെട്ട ഒരു അതിഥിയെ വരവേൽക്കുന്നത് പോലെയാണ് പച്ചക്കിളിയെ അശോകത്തോപ്പ് സ്വീകരിക്കുന്നത്. സ്നേഹപൂർവ്വം കളിവാക്കുകൾ പറയുന്നു, വിശറി കൊണ്ടു വീശുന്നു, തൊട്ടുതലോടുന്നു. വിരിന്നുകാരന്റെ വരവറിഞ്ഞെത്തുന്ന അയൽക്കാരനാണ് കാറ്റ്, സ്നേഹവും ഉല്ലാസവും നിറഞ്ഞ അന്തരീക്ഷമാണ് പച്ചക്കിളിയിൽ നിറഞ്ഞുനിൽക്കുന്നത്. പ്രകൃതിയിലെ പാരസ്പര്യത്തിന്റെ ഊഷ്മളദൃശ്യമായി ഇതിനെ കാണാം.



# എന്റെ പനിനീർച്ചെടി

മേരിജോൺ കൂത്താട്ടുകുളം

# മേരിജോൺ കൂത്താട്ടുകുളം



**1905** ജനുവരി **22**ന് എറണാകുളം ജില്ലയിലെ കൂത്താട്ടുകുളത്ത് ജനിച്ചു. തപാൽ വകുപ്പിൽ ഉദ്യോഗസ്ഥയായിരുന്നു. അഗ്നിനക്ഷത്രം, ബാഷ്പമണികൾ, പ്രഭാതപുഷ്പം, കാവ്യകൗമുദി, കാറ്റു പറഞ്ഞ കഥ തുടങ്ങിയവയാണ് പ്രധാനകൃതികൾ. **1988** ഡിസംബർ **2**ന് അന്തരിച്ചു.

# എന്റെ പനിനീർച്ചെടി

അങ്കണത്തിന്നലങ്കാരമായൊരു
ചെമ്പനീർച്ചെടി നട്ടു വളർത്തി ഞാൻ.
ജാതമോദമതിന്നനുവാസരം
ശീതളജലധാര പകർന്നു ഞാൻ.
നാൾക്കുനാളതിൽ നാമ്പുണരുന്നതു
നോക്കി നോക്കി മനം കുളുർപ്പിക്കുവാൻ,
മുട്ടുതോറും കിളുർക്കും മുളകളെ
ക്ഷുദ്രകീടം കരളാതെ കാക്കുവാൻ,
അങ്കുരിക്കും കുരുന്നിലയുഗ്രമാ-
മുച്ചവൈലേറ്റു വാടാതെ നോക്കുവാൻ
വിസ്മരിക്കാതെ നിന്നു ഞാനപ്പുതു-
പുഷ്പവല്ലിക്കു കാവൽമാലാഖയായ്.

മഞ്ഞുപെയ്യുന്ന ഹേമന്തസൗഭഗം
എന്റെ നാടിനെ പുല്കിയ വേളയിൽ
ആകമാനം തളിർത്തു മനോഹര-
ശ്യാമളാംഗിയായെൻ പനിനീർച്ചെടി.
ശുദ്ധമാകും തുഷാരകണങ്ങളാൽ
മുത്തണിഞ്ഞു സുമംഗലിയാകവേ
ചില്ലതോറും പുളകാങ്കുരം കണ-
ക്കുല്ലസിച്ചു മുകുളമുളകളും.
പൊൻപുലരിത്തുടുപ്പിനെ നോക്കിയ-
പ്പൊൻമുകുളങ്ങൾ മന്ദഹസിക്കവേ
ആർത്തിരമ്പുകയായനുവേലമെ-
ന്നന്തരംഗത്തിലാനന്ദസാഗരം.



അന്തിനക്ഷത്രം    മേരിജോൺ കൂത്താട്ടുകുളം

# പുതിയ പദങ്ങൾ

അങ്കണം
അനുവാസരം
അങ്കുരിക്കുക
അംഗം
അനുവേലം
അന്തരംഗം
ഉല്ലസിക്കുക
കണം
ജാതം
തുഷാരം
നാമ്പ്
പുൽകുക
പുളകം
പുലരി

മനം
മന്ദഹസിക്കുക
മോദം
വല്ലി
വിസ്മരിക്കുക
ശീതളം
ശ്യാമളം
സാഗരം
സൗഭഗം
ഹേമന്ദം
ക്ഷുദ്രം
പുഷ്പവല്ലി
ചെമ്പനീർച്ചെടി

# അർഥസൂചിക

- അങ്കണം - മുറ്റം
- അനുവാസരം - ദിവസംതോറും
- അങ്കുരിക്കുക - മുളയ്ക്കുക
- അംഗം - അവയവം
- അനുവേലം - എപ്പോഴും (കൂടെ കൂടെ)
- അന്തരംഗം - മനസ്സ്
- ഉല്ലസിക്കുക - ശോഭിക്കുക
- കണം - തുള്ളി
- ജാതം - ജനിച്ചത് ഉണ്ടായത്
- തുഷാരം - മഞ്ഞ്
- നാമ്പ് - തളിർ (കൂമ്പ്)
- പുൽകുക - ആലിംഗനം ചെയ്യുക
- പുളകം - രോമാഞ്ചം
- പുലരി - പ്രഭാതം

# അർഥസൂചിക

- മനം - മനസ്സ്
- മന്ദഹസിക്കുക - പുഞ്ചിരിക്കുക
- മോദം - സന്തോഷം
- വല്ലി - വള്ളി
- വിസ്മരിക്കുക - മറക്കുക
- ശീതളം - തണുത്ത
- ശ്യാമളം - കറുത്ത
- സാഗരം - സമുദ്രം
- സൗഭഗം - സൗന്ദര്യം
- ഹേമന്ദം - മഞ്ഞുകാലം
- ക്ഷുദ്രം - ചെറിയ (നിസ്സാരമായ)
- പുഷ്പവല്ലി - പൂക്കൾ നിറഞ്ഞവള്ളി
- ചെമ്പനീർച്ചെടി - റോസാച്ചെടി

# കണ്ടെത്താം

- കുട്ടി പനിനീർച്ചെടിയെ എങ്ങനെയെല്ലാമാണ് പരിപാലിച്ചത്?

- ഹേമന്തം വന്നപ്പോൾ എന്തെല്ലാം മാറ്റങ്ങളാണ് പനിനീർച്ചെടിക്ക് ഉണ്ടായത്?

# കണ്ടെത്താം

- കുട്ടി പനിനീർച്ചെടിയെ എങ്ങനെയെല്ലാമാണ് പരിപാലിച്ചത്?

    ഓരോ ദിവസവും സന്തോഷത്തോടെ വെള്ളമൊഴിച്ചു. മുളകൾ കീടം നശിപ്പിക്കാതെ സംരക്ഷിച്ചു. കുരിന്നില ഉച്ചവെയിലിൽ വാടാതെ നോക്കി.

- ഹേമന്തം വന്നപ്പോൾ എന്തെല്ലാം മാറ്റങ്ങളാണ് പനിനീർച്ചെടിക്ക് ഉണ്ടായത്?

    മഞ്ഞുകാലം വന്നപ്പോൾ ചെടി തളിർത്ത് മനോഹരിയായി തീർന്നു. മഞ്ഞുതുള്ളികൾ ആകുന്ന മുത്തണിഞ്ഞ് സുമംഗലിയായി തീർന്നു. ഓരോ ചില്ലയിലും മുകുളങ്ങൾ ഉണ്ടായി.

# താഴെ ചേർത്ത ആശയം വരുന്ന വരികൾ കണ്ടെത്താം

- കുട്ടി പനിനീർച്ചെടിക്ക് വെള്ളമൊഴിച്ചു.
- കുട്ടിയുടെ മനസ്സിൽ സന്തോഷമുണ്ടായി.

# താഴെ ചേർത്ത ആശയം വരുന്ന വരികൾ കണ്ടെത്താം

- കുട്ടി പനിനീർച്ചെടിക്ക് വെള്ളമൊഴിച്ചു.

  ജാതമോദമതിന്നനുവാസരം

  ശീതളജലധാര പകർന്നു ഞാൻ.

- കുട്ടിയുടെ മനസ്സിൽ സന്തോഷമുണ്ടായി.

  ആർത്തിരമ്പുകയായയനുവേലമെ-

  ന്നന്തരംഗത്തിലാനന്ദസാഗരം.

# പറഞ്ഞുനോക്കാം

- കുട്ടി പനിനീർച്ചെടിക്ക് എന്തെല്ലാം കാര്യങ്ങൾ ചെയ്തു കൊടുത്തു?
- എന്തുകൊണ്ടാണ് ഇങ്ങനെയെല്ലാം ചെയ്തത്?
- കുട്ടിയുടെ ആഗ്രഹമെന്തായിരുന്നു?
- എപ്പോഴാണ് പനിനീർച്ചെടി മൊട്ടിട്ടുകണ്ടത്?
- മഞ്ഞുകാലത്ത് പനിനീർച്ചെടിയിലുണ്ടായ മൊട്ടുകൾ എങ്ങനെയാണ് സന്തോഷം പ്രകടിപ്പിച്ചത്?
- അത് കണ്ടപ്പോൾ കുട്ടിയിൽ ഉണ്ടായ സന്തോഷം കവിതയിൽ ചിത്രീകരിക്കുന്നതെങ്ങനെ?

# ഏഴാം

- ആർത്തിരമ്പുകയായയന്നുവേലമെ-

  ന്നന്തരംഗത്തിലാനന്ദസാഗരം.

  എന്തുകൊണ്ടാണ് കുട്ടിയുടെ മനസ്സിൽ ആനന്ദം ആർത്തിരമ്പിയത്?

# എഴുതാം

- ആർത്തിരമ്പുകയായയന്നുവേലമെ-

  ന്നന്തരംഗത്തിലാനന്ദസാഗരം.

  എന്തുകൊണ്ടാണ് കുട്ടിയുടെ മനസ്സിൽ ആനന്ദം ആർത്തിരമ്പിയത്?

  താൻ വളരെ കൂടുതൽ സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്ത പനിനീർച്ചെടിയിലെ മൊട്ടുകൾ മഞ്ഞുകാലത്ത് പുലരിയെ നോക്കി ചിരിച്ചതു കണ്ടിട്ടാണ് കുട്ടിയുടെ മനസ്സിൽ ആനന്ദസാഗരം ആർത്തിരമ്പിയത്.

# കണ്ടെത്താം എഴുതാം

സന്തോഷം എന്ന വാക്കിനു പകരം കവിതയിൽ ഉപയോഗിച്ചിരിക്കുന്ന പദങ്ങളും പ്രയോഗങ്ങളും കണ്ടെത്തി എഴുതുക.

സന്തോഷം : ........... , ........... , ...........

ഇതുപോലെ താഴെ കൊടുത്ത വാക്കുകൾക്കും സമാനാർഥമുള്ള പദങ്ങൾ കണ്ടെതത്തി എഴുതു.

മഞ്ഞ് : .......... , ........... , ...........

ശീതളം : ........... , ........... , ...........

പൂവ് : ........... , ............ , ............

# കണ്ടെത്താം എഴുതാം

സന്തോഷം എന്ന വാക്കിനു പകരം കവിതയിൽ ഉപയോഗിച്ചിരിക്കുന്ന പദങ്ങളും പ്രയോഗങ്ങളും കണ്ടെത്തി എഴുതുക.

സന്തോഷം : സന്തോഷം , ആമോദം , ആനന്ദം

ഇതുപോലെ താഴെ കൊടുത്ത വാക്കുകൾക്കും സമാനാർഥമുള്ള പദങ്ങൾ കണ്ടെതത്തി എഴുതു.

മഞ്ഞ് : ഹിമം , തുഷാരം , പ്രാലേയം

ശീതളം : ശൈത്യം , തണുപ്പ് , ഈർപ്പം

പൂവ് : സുമം , മലർ , കുസുമം

# പ്രയോഗഭംഗി വിശദമാക്കാം

- വിസ്മരിക്കാതെ നിന്നു ഞാനാപ്പൂഷ്പ-
  പുഷ്പവല്ലിക്കു കാവൽമാലാഖയായ്.

താൻ കാവൽ മാലാഖയാണെന്ന് കുട്ടി കരുതാൻ കാരണമെന്തായിരിക്കും?

# പ്രയോഗഭംഗി വിശദമാക്കാം

- 'വിസ്മരിക്കാതെ നിന്നു ഞാനാപ്പുഷ-
  പുഷ്പവല്ലിക്കു കാവൽമാലാഖയായ്'.

താൻ കാവൽ മാലാഖയാണെന്ന് കുട്ടി കരുതാൻ കാരണമെന്തായിരിക്കും?

കുട്ടി ചെടിക്ക് വെള്ളം ഒഴിച്ചു കൊടുത്തും ,കീടങ്ങളിൽ നിന്നും , ഉച്ചവെയിലിൽ നിന്നും അതിനെ സംരക്ഷിച്ചു. അങ്ങനെ മറ്റൊന്നിനും വിട്ടുകൊടുക്കാതെ ഒരു കാവൽ മാലാഖയെ പോലെ പനിനീർച്ചെടിയെ കുട്ടി സംരക്ഷിച്ചു. ചെടിയോടുള്ള സ്നേഹം കാരണമാണ് അതിനെ സംരക്ഷിച്ചത്. മാലാഖ എന്നത് നന്മയുടെ പ്രതിരൂപമാണ്.

# പൂരിപ്പിക്കാം

- നോക്കി നോക്കി മനം കുളിർപ്പിക്കുവാൻ

അടിവരയിട്ട പദം ശ്രദ്ധിച്ചുവല്ലോ. താഴെ കൊടുത്ത വരികൾ പൂരിപ്പിക്കുക.

കണ്ടു കണ്ടു മടുത്തു.

കേട്ടു കേട്ടു .............

.............................

.............................

# പൂരിപ്പിക്കാം

- നോക്കി നോക്കി മനം കുളിർപ്പിക്കുവാൻ

അടിവരയിട്ട പദം ശ്രദ്ധിച്ചുവല്ലോ. താഴെ കൊടുത്ത വരികൾ പൂരിപ്പിക്കുക.

കണ്ടു കണ്ടു മടുത്തു.

കേട്ടു കേട്ടു പഠിച്ചു.

ഇരുന്ന് ഇരുന്ന് മടുത്തു.

നിന്ന് നിന്ന് കാൽ കുഴഞ്ഞു.

# ഇതുപോലുള്ളവരികൾ കണ്ടെത്തുമല്ലോ

- കണ്ടുകണ്ടങ്ങിരിക്കും ജനങ്ങളെ

  കണ്ടില്ലെന്നു വരുത്തുന്നതും ഭവാൻ.
- കേട്ടുകേട്ടു നീയുറങ്ങേൻ-

  കരളിന്റെ കാതലേ.....
- തേടിത്തേടി ഞാനലഞ്ഞു

  പാടിപ്പാടി ഞാൻ തളർന്നു.

# മാതൃകപോലെ പദം പിരിച്ചെഴുതുക

| | | |
|---|---|---|
| മുത്തണിഞ്ഞു | - | മുത്ത് + അണിഞ്ഞു |
| നാമ്പുണരുന്നത് | - | ........................... |
| ആർത്തിരമ്പുക | - | ........................... |
| കുരുന്നില | - | .......................... |
| മഞ്ഞുകാലം | - | .......................... |

# മാതൃകപോലെ പദം പിരിച്ചെഴുതുക

| | | |
|---|---|---|
| മുത്തണിഞ്ഞു | - | മുത്ത് + അണിഞ്ഞു |
| നാമ്പുണരുന്നത് | - | നാമ്പ് + ഉണരുന്നത് |
| ആർത്തിരമ്പുക | - | ആർത്ത് + ഇരമ്പുക |
| കുരുന്നില | - | കുരുന്ന് + ഇല |
| മഞ്ഞുകാലം | - | മഞ്ഞ് + കാലം |

# ഋതുക്കൾ

ഭാരതീയ സങ്കൽപ്പത്തിന്റെ അടിസ്ഥാനത്തിൽ ഭാരത്തിൽ ആറ് ഋതുക്കൾ ഉണ്ട്.

**വസന്തം (Spring)**- മാഘം, ഫാൽഗുനം എന്നീ മാസങ്ങൾ (ഫെബ്രുവരി ഉത്തരാർധം, മാർച്ച്, ഏപ്രിൽ പൂർവാർധം)

**ഗ്രീഷ്മം (Summer)**- ചൈത്രം, വൈശാഖം എന്നീ മാസങ്ങൾ (ഏപ്രിൽ ഉത്തരാർധം, മേയ്, ജൂൺ പൂർവാർധം)

**വർഷം (Monsoon)** - ജ്യേഷ്ഠം, ആഷാഢം എന്നീ മാസങ്ങൾ (ജൂൺ ഉത്തരാർധം, ജൂലൈ, ഓഗസ്റ്റ് പൂർവാർധം)

**ശരത് (Autumn)** - ശ്രാവണം, ഭാദ്രപഥം എന്നീ മാസങ്ങൾ (ഓഗസ്റ്റ് ഉത്തരാർധം, സെപ്റ്റംബർ, ഒക്ടോബർ പൂർവാർധം)

**ഹേമന്തം (Fall)** - ആശ്വിനം, കാർത്തികം എന്നീ മാസങ്ങൾ (ഒക്ടോബർ ഉത്തരാർധം, നവംബർ, ഡിസംബർ പൂർവാർധം)

**ശിശിരം (Winter)** - മാർഗശീർഷം, പൗഷം എന്നീ മാസങ്ങൾ (ഡിസംബർ ഉത്തരാർധം, ജനുവരി, ഫെബ്രുവരി പൂർവാർധം)

# ഋതുക്കൾ



വസന്തം



ഗ്രീഷ്മം



വർഷം



ശരത്



ഹേമന്തം



ശിശിരം

# ആസ്വാദനക്കുറിപ്പ്

'എന്റെ പനിനീർച്ചെടി' എന്ന കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

# ആസ്വാദനക്കുറിപ്പ്

- കവയിത്രിയെക്കുറിച്ച്
- കവിതയിലെ ആശയം
- പ്രയോഗഭംഗി
- ഇഷ്ടപ്പെട്ട വരികൾ
- എന്റെ അഭിപ്രായം
- കവിതയിലെ ബിംബങ്ങൾ

# ആസ്വാദനക്കുറിപ്പ്

മേരിജോൺ കൂത്താട്ടുകുളത്തിന്റെ എന്റെ 'പനിനീർച്ചെടി' എന്ന കവിതയിൽ മുറ്റത്ത് നട്ടുവളർത്തിയ പനിനീർച്ചെടി ആദ്യമായി പൂവിട്ടപ്പോൾ ഉണ്ടായ സന്തോഷം പ്രതിപാദിക്കുന്നു.

മുറ്റത്തിന് അലങ്കാരമായാണ് ആ പനിനീർച്ചെടി നട്ടുവളർത്തിയത്. അന്നുമുതൽ കവയിത്രിയുടെ മനസും ശരീരവും ആ പനിനീർച്ചെടിക്കൊപ്പമായിരുന്നു. അതിന് കുളിർവെള്ളം നൽകി അതിൽ നാമ്പുണരുമ്പോൾ സന്തോഷം ഉകാനും, അതിന്റെ ചില്ലകളെ കീടം ആക്രമിക്കാതിരിക്കാനും, കുരുന്നിലകളെ വെയിലിൽ നിന്നു സംരക്ഷിക്കുവാനും കവയിത്രി പ്രത്യേകം ശ്രദ്ധിക്കുന്നു.

മഞ്ഞണിഞ്ഞ ഹേമന്തം നാടിനെയാകെ

പുൽകിയപ്പോൾ ആ പനിനീർച്ചെടിയും മനോഹരിയാകുന്നു. പ്രഭാതത്തിലെ മഞ്ഞുകണങ്ങൾകൊണ്ട് ആ ചെടി സുമംഗലിയായി. ചില്ലകൾതോറും പുളകം പോലെ പൂമൊട്ടുകൾ കിളിർത്തു. പുലരിയിൽ ആ പൂക്കൾ വിരിയവേ, കവിയുടെ മനസിലും സന്തോഷത്തിന്റെ സാഗരം വിടരുന്നു.

ഈ കവിതയിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട വരികൾ

'ആർത്തിരമ്പുകയായനുവേലമെ-

ന്നന്തരംഗത്തിലാനന്ദസാഗരം'.

എന്നതു തന്നെയാണ്. തനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട പനിനീർച്ചെടി പൂവിട്ടതിന്റെ സന്തോഷം വളരെ മനോഹരമായി കവയിത്രി ആസ്വാദകരിൽ എത്തിക്കുന്നു. ഇവിടെ പനിനീർച്ചെടി കവയിത്രിയിലെ കാവ്യം തന്നെയായി നമുക്ക് കല്പിക്കാം.

# നിറം കൊടുക്കാം

ചെടിക്ക് യോജിച്ച പൂക്കൾ വരച്ച് നിറം കൊടുക്കുക.



# വിവരണം തയാറാക്കാം

ചെടി വീട്ടുമുറ്റത്തിന് അലങ്കാരമാണെന്ന് കണ്ടല്ലോ. വീട്ടുമുറ്റത്തിന് അലങ്കാരമായിത്തീരുന്ന ചെടികളെ കുറിച്ച് വിവരണം തയ്യാറാക്കാമോ?

















# നന്ദി





V V T
A R S

# കേരളത്തിലെ അധ്യാപകരുടെ അക്കാദമിക് കൂട്ടായ്മ

## സ്ലേറ്റും പെൻസിലും

V V T
A R S

**"Flame Your Creativity Through Academic Experience"**

*PREPARED By VIPIN.V.T GHS Kudavoorkonam &*

*ARUN.S CNPSGLPS Madavoor*